## പതിനാലാം കേരള നിയമസഭ
## പത്തൊമ്പതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 881** **04/03/2020-ലെ മറുപടി**

### കോങ്ങാട് മണ്ഡലത്തിലെ കുടിവെള്ള വിതരണ പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.വി.വിജയദാസ്** | **ശ്രീ. കെ. കൃഷ്ണൻകുട്ടി (ജലവിഭവ വകുപ്പുമന്ത്രി)** |
| കോങ്ങാട് മണ്ഡലത്തിൽ കുടിവെള്ള വിതരണവുമായി ബന്ധപ്പെട്ട് ഈ സർക്കാർ വന്ന ശേഷം സ്വീകരിച്ചിട്ടുള്ള നടപടികളുടെയും പദ്ധതികളുടെയും വിശദവിവരം നൽകുമോ? | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കോങ്ങാട് മണ്ഡലത്തിൽ താഴെ പറയുന്ന പ്രധാന പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്.<br>1) കിഫ്ബി 17-18 പദ്ധതിയിൽ ഉൾപ്പെടുത്തി കോങ്ങാട്-കരിമ്പ പഞ്ചായത്തുകൾക്ക് വേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതിക്കായി (ഒന്നാംഘട്ടം)12.11.2018 ൽ 2830 ലക്ഷം രൂപയുടെ ഭരണാനുമതിയും 12.06.2019 ന് 1082 ലക്ഷം രൂപയുടെ സാങ്കേതികാനുമതിയും ലഭിച്ചു. ഒന്നാം പാക്കേജിൽ 12 എം.എൽ.ഡി ജലശുദ്ധീകരണശാല, റോ വാട്ടർ പമ്പിംഗ് മെയിൻ, ഡ്രൈനേജ് പോണ്ട്, റോ വാട്ടർ, ക്ലിയർ വാട്ടർ പമ്പ് സെറ്റുകൾ, ഉന്നതതല ജലസംഭരണി, ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ എന്നിവയാണ് ഉൾപ്പെടുന്നത്. പാക്കേജ്-1 പ്രവൃത്തികൾക്കായി 10.10.2019-ന് എഗ്രിമെൻറ് വെച്ചു. ജലശുദ്ധീകരണശാലയുടെ ഡിസൈൻ അംഗീകരിച്ചുകിട്ടുന്ന മുറയ്ക്ക് പ്രവൃത്തി ആരംഭിക്കുന്നതാണ്.<br>ഈ പദ്ധതിയുടെ രണ്ടാം പാക്കേജിൽ കരിമ്പ പഞ്ചായത്തിനുവേണ്ടിയുള്ള 13 ലക്ഷം ലിറ്റർ ഉന്നതതലജലസംഭരണി, ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ, ക്ലിയർ വാട്ടർ ഗ്രാവിറ്റി മെയിൻ, ക്ലിയർ വാട്ടർ പമ്പ് സെറ്റ്, റോഡ് പുനരുദ്ധാരണം എന്നീ ഘടകങ്ങളാണ് ഉൾപ്പെടുന്നത്. ഈ പദ്ധതിക്കായി 18.03.2020 അവസാന |

| | |
|---|---|
| | തിയ്യതിയായി ദർഘാസ് ക്ഷണിച്ചിട്ടുണ്ട്. (ടെണ്ടർ ചെയ്ത തുക 14.70 കോടി രൂപ)<br>2) നബാർഡ് - മണ്ണൂർ, കേരളശ്ശേരി, മങ്കര പഞ്ചായത്തുകൾക്കുള്ള സമഗ്ര കുടിവെള്ള പദ്ധതി - ഈ പദ്ധതിക്കുവേണ്ടി നബാർഡിൽ ഉൾപ്പെടുത്തി ഒന്നാംഘട്ട പ്രവൃത്തികൾക്ക് 2530 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചു. 10 ദശലക്ഷം ജലശുദ്ധീകരണശാല, 11 ലക്ഷം ലിറ്റർ ശേഷിയുള്ള ഉന്നതതല ജലസംഭരണി (മണ്ണൂർ), 8 ലക്ഷം ലിറ്റർ ശേഷിയുള്ള ഉന്നതതല ജലസംഭരണി (കേരളശ്ശേരി), 2.6 ലക്ഷം ലിറ്റർ ശേഷിയുള്ള ക്ലിയർ വാട്ടർ സമ്പ് (കേരളശ്ശേരി), റോ വാട്ടർ & ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ, പമ്പ് സെറ്റുകൾ, ട്രാൻസ്ഫോർമർ, വിതരണം ചെയ്ത് സ്ഥാപിക്കൽ എന്നിവയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഈ പ്രവൃത്തികൾക്ക് വേണ്ടി ദർഘാസ് ക്ഷണിച്ച് 21.11.2018 ന് എഗ്രിമെന്റ് വെച്ച് പ്രവൃത്തി ചെയ്തുവരുന്നു. 60% പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. 26/10/18-ൽ പി.ഡബ്ല്യൂ.ഡിയിൽ റോഡ് പുനരുദ്ധാരണത്തിനുള്ള അപേക്ഷ സമർപ്പിച്ചതനുസരിച്ച് 130.65 ലക്ഷം രൂപയുടെയും അധിക തുകയായ 41.76 ലക്ഷം രൂപയുടെയും റോഡ് പുനരുദ്ധാരണത്തിനുള്ള തുക ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് പി.ഡബ്ല്യൂ.ഡി.യിൽ ഒടുക്കി നടപടികൾ തുടരുന്നതാണ്.<br>3.) ആസ്തിവികസന പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു. |

Renuka Sankar
സെക്ഷൻ ഓഫീസർ

Us QN 881

## KERALA WATER AUTHORITY, P.H.CIRCLE, PALAKKAD
## LIST OF PROJECTS TAKEN UP UNDER LAC - ADS KONGAD CONSTITUENCY

| Sl No. | District | Name of Work | Constituency | Govt. AS No. & Date | Estimate Amount in Lakhs | Physical Status | Remarks |
|---|---|---|---|---|---|---|---|
| | | **LAC ADS** | | | | | |
| 1 | Palakkad | WSS to Trippalmunda in Kongad Pt DWSS to Thadukkassery - Poozhiasari and DWSS to Kundalassery - Thottumpalla- Kollangottupara at Keralassery | Kongad | G.O. (Rt) No. 391/2015/WRD dated 18.05.2015 | 115.00 | | Completed |
| 2 | Palakkad | Providing MWSS to Maniyankunnu - Thadukkassery in Keralassery Panchayath | Kongad | G.O. (Rt) No. 444/2017/WRD dated 21.05.2017 | 25.00 | | Work dropped due to non-availability of proper site for borewell. Matter intimated to MLA and higher office on 11.05.2018. |
| | **Deposit work** | NIL | | | | | |

Renuka Sankar
(signature)